# എല്ലാം തികഞ്ഞ ഒരു മനുഷ്യൻ

**സയ്യിദ് സുലൈമാൻ നദ്‌വി**

'**പ്രവാചകരേ!** ജനങ്ങളോട് പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുവിൻ! അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാകുന്നു' (വിശുദ്ധ ഖുർആൻ 3: 31).

ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിന്റെ സ്നേഹകാരുണ്യങ്ങൾക്ക് സ്വയം അർഹനായിത്തീരുകയും ചെയ്യുക എന്നത് മതങ്ങളുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. ഈ മഹത്തായ ലക്ഷ്യം നേടുവാൻ മതസ്ഥാപകരുടെ മാതൃക അനുധാവനം ചെയ്യുകയാണ് വേണ്ടതെന്ന് മിക്ക മതങ്ങളും വിശ്വാസികളെ പഠിപ്പിക്കുന്നു. എന്നാൽ ഇസ്‌ലാം, വിശ്വാസികളുടെ മാർഗദർശനത്തിന്നായി ദൈവികഗ്രന്ഥവും പ്രവാചകചര്യയും നിശ്ചയിച്ച് മതപരമായ ചിന്താകർമങ്ങളുടെ അന്തസ്സുയർത്തുന്നു. ദൈവേഛയുടെ വെളിപാടാണ് ദൈവിക ഗ്രന്ഥമെങ്കിൽ അതിന്റെ പ്രായോഗിക മാതൃകയാണ് പ്രവാചകചര്യ. ഒരു സത്യാന്വേഷിയെ മതത്തിന്റെ പാതയിലൂടെ അഗാധവും യഥാതഥവുമായ ആധ്യാത്മികാനുഭവങ്ങളിലേക്ക് വഴിതിരിച്ചുവിടുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവാചകചര്യ അതിന്റെ പൂർണതയോടും സമഗ്രതയോടും കൂടി ഹദീസുകളിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

ഒരു മതത്തിന്റെ അനുയായികൾ എല്ലാവരും ഒരേ തൊഴിൽ ചെയ്യുന്നവരോ ഒരേ സ്ഥാനം വഹിക്കുന്നവരോ ആവില്ല. മനോഭാവങ്ങളിലും അഭിരുചികളിലും ഉള്ള വൈവിധ്യവും തൊഴിലിലും ഉദ്യോഗങ്ങളിലും കാണുന്ന വൈജാത്യങ്ങളും മൗലിക ജീവിതത്തിന്റെ അനിവാര്യതകളാണ്. ലോകത്തിന്ന് രാജാക്കന്മാരും ഭരണാധികാരികളും വേണം; പൗരന്മാരും പ്രജകളും വേണം; ന്യായാധിപന്മാരും നിയമപണ്ഡിതന്മാരും വേണം; സൈന്യവും സൈന്യാധിപരും വേണം; ലോകത്തിൽ സമ്പന്നരും ദരിദ്രരുമുണ്ട്. യോഗിയും യോദ്ധാവുമുണ്ട്. ഓരോ വിഭാഗത്തിനും സ്വന്തം ജീവിത മേഖലയിൽ വഴികാണിക്കുവാൻ ഓരോ മാതൃകാപുരുഷൻ ആവശ്യമാണ്. എന്നാൽ ഇസ്‌ലാം ഇവരോടെല്ലാം ആവശ്യപ്പെടുന്നത് പ്രവാചകനെ അനുധാവനം ചെയ്യാനാണ്. തൊഴിലേതുമാകട്ടെ, പദവിയെന്തുമാകട്ടെ, അതിലെല്ലാം പ്രവാചകമാതൃകയുണ്ടെന്നും വൈവിധ്യമാർന്ന തൊഴിൽമേഖലകളിലെല്ലാം ഒരാദർശാത്മക ജീവിതത്തിനുള്ള പ്രായോഗിക മാതൃക പ്രവാചകൻ സമർപ്പിച്ചിട്ടുണ്ടെന്നുമാണിതിനർഥം. ഈ അവകാശവാദം, അനുധാവനം ചെയ്യപ്പെടുന്ന മാതൃകാ പുരുഷന്റെ പരിപൂർണതയെ കുറിക്കുന്നു. കാരണം ഒരു സമ്പന്നൻ ദരിദ്രന്നോ ദരിദ്രൻ സമ്പന്നനോ ഭരണാധികാരി പ്രജകൾക്കോ പ്രജകൾ ഭരണാധികാരിക്കോ മാതൃകയാവില്ല. അയാൾ ഒരു സാർവലൗകിക മാതൃകയാവണം; സമഗ്രവും സ്ഥായിയും ആയ ഒരു മാതൃക–പല നിറവും പല മണവും ഉള്ള പൂക്കളടങ്ങിയ ഒരു 'ബൊക്കേ' പോലെ!

തൊഴിലിലും പദവികളിലുമുള്ള വൈവിധ്യങ്ങൾക്കു പുറമെ മനുഷ്യകർമങ്ങളിൽ ഭിന്നസന്ദർഭങ്ങളിലും സാഹചര്യങ്ങളിലും സ്വാധീനം ചെലുത്തുന്ന ഒട്ടേറെ മനോഭാവങ്ങളും അഭിരുചികളും ഉൾപ്പെട്ടതാണ് മനുഷ്യജീവിതം. നാം നടക്കുകയും ഇരിക്കുകയും ചെയ്യുന്നു; തിന്നുകയും ഉറങ്ങുകയും ചെയ്യുന്നു; ചിരിക്കുകയും കരയുകയും ചെയ്യുന്നു; എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു; കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. നാം വിവിധ സന്ദർഭങ്ങളിൽ വിവിധ രീതികളിൽ പെരുമാറുന്നു എന്നു ചുരുക്കം. ചിലപ്പോൾ നാം ദൈവത്തെ പ്രകീർത്തിക്കുന്നു. മറ്റു ചിലപ്പോൾ വ്യാപാര വൃത്തികളിലേർപ്പെടുന്നു. ചിലപ്പോൾ നാം അതിഥികൾ; മറ്റു ചിലപ്പോൾ ആതിഥേയർ. ഈ സന്ദർഭങ്ങൾക്കോരോന്നും ചേർന്ന പെരുമാറ്റരീതിക്ക് ഒരു മാതൃക നമുക്ക് ആവശ്യമാണ്.

കായക്ലേശം വേണ്ടുന്ന കർമങ്ങൾ കൂടാതെ മനുഷ്യന്റെ മനസ്സും മസ്തിഷ്കവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേറെയുണ്ട്. നാമവയെ 'വികാരങ്ങൾ' എന്നു വിളിക്കുന്നു. നമ്മുടെ വികാരങ്ങൾ അല്ലെങ്കിൽ ചോദനകൾ സദാ മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ നാം സന്തുഷ്ടർ; മറ്റു ചിലപ്പോൾ കോപിഷ്ഠർ. ആശാനിരാശകളും സന്തോഷസന്താപങ്ങളും വിജയാപജയങ്ങളും സൃഷ്ടിക്കുന്ന അനുഭൂതികൾ ഇടക്കിടെ നമ്മെ പിടികൂടുകയും നമ്മുടെ കർമങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്ന മാനസിക ഭാവങ്ങളാണ്. ഈ വികാരങ്ങളുടെ സന്തുലനമാണ് ഉദാത്തവും ഉത്കൃഷ്ടവുമായ സ്വഭാവശീലങ്ങളുടെ താക്കോൽ. അതിനാൽ, തീവ്രതയും അമിതത്വവും ബാധിക്കാവുന്ന മാനുഷിക പ്രവണതകൾക്ക് മേൽ നിയന്ത്രണം കൈവരിക്കുന്നതെങ്ങനെയെന്ന് കാണിച്ചുതരാൻ കഴിയുന്ന പ്രായോഗിക ധാർമികനിഷ്ഠയുടെ മാതൃക നമുക്കാവശ്യമാണ്– നമ്മുടെ വികാരങ്ങളെയും അനുഭൂതികളെയും അച്ചടക്കം ശീലിപ്പിക്കാനുതകുന്ന ഒരു പ്രായോഗികമാതൃക. പണ്ടൊരിക്കൽ മദീനാനഗരത്തിൽ ജീവിച്ച ഒരു മനുഷ്യൻ അത്തരം ഒരു സന്തുലനത്തിന്റെ ദൃശ്യമുദ്രയായിരുന്നു!

വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് നാം ദൃഢമനസ്കരും അചഞ്ചലരും ധൈര്യശാലികളും സഹനശീലരും വഴക്കമുള്ളവരും

ആത്മാർപ്പണസന്നദ്ധരും ഉദാരമനസ്കരും ദയാലുക്കളും ആകേണ്ടിവരും. ഈ വിഭിന്ന സന്ദർഭങ്ങളിലോരോന്നിലും നമ്മുടെ പെരുമാറ്റരീതികളെ ക്രമവൽക്കരിക്കുവാൻ നമുക്കൊരു മാതൃക വേണം. മുഹമ്മദിലല്ലാതെ മറ്റാരിലാണ് നാമീ മാതൃക തേടുക? മോസസിൽ അചഞ്ചലനായ നേതാവിനെയല്ലാതെ ദയാമയനായ ഗുരുവിനെ കാണില്ല. നസ്രേത്തിലെ യേശു ദയാദാക്ഷിണ്യങ്ങളുടെ മാതൃകയാവാം. പക്ഷേ, ദുർബലരുടെയും ദരിദ്രരുടെയും ചോര ചൂടുപിടിപ്പിക്കുന്ന തീക്ഷ്ണത അദ്ദേഹത്തിലില്ല. മനുഷ്യർക്ക് ഇവ രണ്ടും വേണം. രണ്ടും തമ്മിൽ ശരിയായ സന്തുലിതത്വം പാലിക്കുവാനവൻ പഠിക്കുകയും വേണം. ഇസ്‌ലാമിക പ്രവാചകന്റെ ജീവിതത്തിൽ ഈ ഗുണങ്ങളെല്ലാം കൃത്യമായ അളവിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

ഭിന്നസാഹചര്യങ്ങളിലും മനുഷ്യവികാരങ്ങളുടെ അവസ്ഥാന്തരങ്ങളിലും കർമനിരതരായ എല്ലാ വിഭാഗം ജനങ്ങൾക്കും മാനദണ്ഡമായി സ്വീകരിക്കാവുന്ന ഒരു മാതൃക മുഹമ്മദിന്റെ ജീവിതത്തിൽ ദർശിക്കാം. നിങ്ങളൊരു ധനികനാണെങ്കിൽ മക്കയിലെ വർത്തകനും ബഹ്റൈനിലെ സമ്പത്തിന്റെ യജമാനനും ആയിരുന്ന മുഹമ്മദിൽ നിങ്ങൾക്ക് മാതൃകയുണ്ട്. നിങ്ങൾ ദരിദ്രനാണെങ്കിൽ ശഅ്ബു അബീത്വാലിബിലെ തടവുപുള്ളിയിലും മദീനാ അഭയാർഥിയിലും അതുണ്ട്. നിങ്ങളൊരു ചക്രവർത്തിയാണെങ്കിൽ അറേബ്യയുടെ ഭരണാധികാരിയായി വാണ മുഹമ്മദിനെ വീക്ഷിക്കുക! നിങ്ങളൊരടിമയാണെങ്കിൽ മക്കയിലെ ഖുറൈശികളുടെ മർദന പീഡനങ്ങൾ ഏറ്റുവാങ്ങിയ ആ മനുഷ്യനെ ശ്രദ്ധിക്കുക! നിങ്ങളൊരു ജേതാവാണെങ്കിൽ ബദ്റിലെയും ഹുനൈനിലെയും ജേതാവിനെ നോക്കുക! നിങ്ങൾക്കൊരിക്കൽ പരാജയം പിണഞ്ഞുവെങ്കിൽ ഉഹുദിൽ കുഴപ്പം പിണഞ്ഞ ആ മനുഷ്യനിൽനിന്ന് പാഠം പഠിക്കുക! നിങ്ങളൊരധ്യാപകനാണെങ്കിൽ സ്വഫാ കുന്നിലെ ആ ഉപദേശിയിൽനിന്ന് മാതൃകയുൾക്കൊള്ളുക. നിങ്ങളൊരു വിദ്യാർഥിയാണെങ്കിൽ ജിബ്രീലി(അ)ന്ന് മുമ്പിലുപവിഷ്ടനായ ആ ശിഷ്യനെ അനുകരിക്കുക. നിങ്ങളൊരു പ്രഭാഷകനാണെങ്കിൽ, മദീനയിലെ പള്ളിയിൽ പ്രഭാഷണം നടത്തുന്ന ആ ധർമോപദേശിയുടെ നേരെ ദൃഷ്ടിതിരിക്കുക. സ്വന്തം മർദകരോട് കാരുണ്യത്തിന്റെയും സത്യത്തിന്റെയും സുവിശേഷം പ്രസംഗിക്കുവാൻ വിധിക്കപ്പെട്ടവരാണ് നിങ്ങളെങ്കിൽ മക്കയിലെ ബഹുദൈവാരാധകർക്ക് ദൈവിക സന്ദേശം വിവരിച്ചുകൊടുക്കുന്ന ഏകനായ ആ പ്രഭാഷകനെ വീക്ഷിക്കുക! ശത്രുവിനെ മുട്ടുകുത്തിച്ചവനാണ് നിങ്ങളെങ്കിൽ മക്കയിലെ ആ ജേതാവിനെ കണ്ടുപഠിക്കുക! നിങ്ങൾക്ക് സ്വന്തം ഭൂസ്വത്തും തോട്ടങ്ങളും പരിപാലിക്കേണ്ടതുണ്ടെങ്കിൽ, ഖൈബറിലെയും ഫദക്കിലെയും ബനുന്നദീറിന്റെയും തോട്ടങ്ങൾ എങ്ങനെ പരിപാലിക്കപ്പെട്ടു എന്ന് കണ്ടുപിടിക്കുക! നിങ്ങളൊരനാഥനാണെങ്കിൽ ഹലീമയുടെ കരുണാർദ്രതക്ക് വിട്ടുകൊടുക്കപ്പെട്ട ആമിനയുടെയും അബ്ദുല്ലയുടെയും ആ പിഞ്ചുകുഞ്ഞിനെ മറക്കാതിരിക്കുക; നിങ്ങളൊരു യുവാവാണെങ്കിൽ മക്കയിലെ ആ ഇടയബാലനെ നിരീക്ഷിക്കുക; നിങ്ങൾ വ്യാപാര യാത്രികൻ ആണെങ്കിൽ ബസ്വറയിലേക്കുപോകുന്ന സാർഥവാഹകസംഘത്തിന്റെ നായകന്റെ നേരെയൊന്ന് കണ്ണയക്കുക; നിങ്ങളൊരു ന്യായാധിപനോ മധ്യസ്ഥനോ ആണെങ്കിൽ പ്രഭാതം പൊട്ടിവിടരും മുമ്പേ വിശുദ്ധ കഅ്ബയിലെത്തി ഹജറുൽ അസ്‌വദ് യഥാസ്ഥാനത്ത് പൊക്കിവെക്കുന്ന ആ മധ്യസ്ഥനെ നോക്കുക; അല്ലെങ്കിൽ ധനവാനെയും ദരിദ്രനെയും തുല്യമായി വീക്ഷിക്കുന്ന ആ ന്യായാധിപനെ! നിങ്ങളൊരു ഭർത്താവാണെങ്കിൽ ഖദീജയുടെയും ആഇശയുടെയും ഭർത്താവായിരുന്ന മനുഷ്യന്റെ പെരുമാറ്റ രീതികൾ പഠിക്കുക; നിങ്ങളൊരു പിതാവാണെങ്കിൽ ഫാത്വിമയുടെ പിതാവും ഹസൻ–ഹുസൈൻമാരുടെ പിതാമഹനും ആയിരുന്നയാളുടെ ജീവിതകഥയിലൂടെ കണ്ണോടിക്കുക. ചുരുക്കത്തിൽ, നിങ്ങൾ ആരുമാകട്ടെ, എന്തുമാകട്ടെ, നിങ്ങളുടെ ജീവിതപന്ഥാവിൽ വെളിച്ചം വിതറുന്ന ഉജ്ജ്വലമാതൃക അദ്ദേഹത്തിൽ നിങ്ങൾക്ക് ദർശിക്കാം. സർവസത്യാന്വേഷികൾക്കും വഴികാട്ടുന്ന ഒരേയൊരു ദീപസ്തംഭവും മാർഗദർശിയുമാണദ്ദേഹം. നൂഹിന്റെയും ഇബ്റാഹീമിന്റെയും അയ്യൂബിന്റെയും യൂനുസിന്റെയും മൂസായുടെയും ഈസായുടെയും എന്നുവേണ്ട സർവ പ്രവാചകന്മാരുടെയും മാതൃക മുഹമ്മദ് നബിയുടെ ജീവിതത്തിൽ നിങ്ങൾക്ക് കണ്ടെത്താം.

**ഭിന്നസാഹചര്യങ്ങളിലും മനുഷ്യവികാരങ്ങളുടെ അവസ്ഥാന്തരങ്ങളിലും കർമനിരതരായ എല്ലാ വിഭാഗം ജനങ്ങൾക്കും മാനദണ്ഡമായി സ്വീകരിക്കാവുന്ന ഒരു മാതൃക മുഹമ്മദിന്റെ ജീവിതത്തിൽ ദർശിക്കാം. നിങ്ങളൊരു ധനികനാണെങ്കിൽ മക്കയിലെ വർത്തകനും ബഹ്റൈനിലെ സമ്പത്തിന്റെ യജമാനനും ആയിരുന്ന മുഹമ്മദിൽ നിങ്ങൾക്ക് മാതൃകയുണ്ട്. നിങ്ങൾ ദരിദ്രനാണെങ്കിൽ ശഅ്ബു അബീത്വാലിബിലെ തടവുപുള്ളിയിലും മദീനാ അഭയാർഥിയിലും അതുണ്ട്. നിങ്ങളൊരു ചക്രവർത്തിയാണെങ്കിൽ അറേബ്യയുടെ ഭരണാധികാരിയായി വാണ മുഹമ്മദിനെ വീക്ഷിക്കുക!**

മുഹമ്മദ് നബിയെ യുഗപുരുഷന്മാരിൽവെച്ച് ഏറ്റവും മഹാനും സമ്പൂർണനുമായി കരുതുന്ന അഭ്യസ്തവിദ്യനായ ഒരു അമുസ്‌ലിം സുഹൃത്ത് തന്റെ വിശ്വാസത്തിന് വിശദീകരണം നൽകിയതിപ്രകാരമാണ്: ചരിത്രം ജീവിതകഥ രേഖപ്പെടുത്തിവെച്ച യുഗപുരുഷന്മാരിലാരിലും കാണാൻ കഴിയാത്ത വൈവിധ്യപൂർണവും സഞ്ചിതവുമായ സവിശേഷതകൾ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഞാൻ കാണുന്നു. ഒരു രാജ്യത്തെ മുഴുവൻ സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവന്ന രാജാവാണദ്ദേഹം. പക്ഷേ, സ്വശരീരത്തിന്റെ കാര്യത്തിൽപോലും അദ്ദേഹം പരമാധികാരം അവകാശപ്പെട്ടില്ല. ദൈവദാസനായിരിക്കുന്നതിലാണദ്ദേഹം സദാ അഭിമാനം കൊണ്ടത്. അടുത്തും അകലെയുമുള്ള നാടുകളിൽനിന്ന് വന്നുചേരുന്ന വമ്പിച്ച സ്വത്തിന്റെ അവകാശിയായിരുന്നു അദ്ദേഹം. പക്ഷേ, എക്കാലത്തുമദ്ദേഹം ഒരു ദരിദ്രനായി ജീവിച്ചു. അടുക്കളയിൽ പുകയുയരാതെ മാസങ്ങളെത്രയോ അദ്ദേഹം കഴിച്ചു. വയറുനിറച്ചാഹാരം കഴിക്കാത്ത ദിവസങ്ങളെത്രയോ സഹിച്ചു. പരിണതപ്രജ്ഞനായ ഒരു ആക്രമണകാരിയെപ്പോലെ, സർവായുധവിഭൂഷിതരായ ശത്രുവൃന്ദത്തെ അടിയറവുപറയിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു.

പക്ഷേ, ആയിരക്കണക്കിന് അനുയായികൾ പോരാടി മരിക്കാൻ തയാറെടുത്തു നിന്ന ഒരവസരത്തിൽ മടികൂടാതെ ഉടമ്പടി ഒപ്പുവെക്കാൻ മാത്രം സമാധാനപ്രിയനായിരുന്നു അദ്ദേഹം. ഖുറൈശികളെ ഒന്നടങ്കം ധിക്കരിക്കുവാൻ മാത്രം നിർഭയനായിരുന്നു പ്രവാചകൻ. പക്ഷേ, അത്ര തന്നെ ദയാലുവായിരുന്നതുകൊണ്ട് ഒരു തുള്ളി രക്തം പോലുമദ്ദേഹം ചിന്തിയില്ല. സ്വകുടുംബത്തിന്റെ ക്ഷേമത്തിലെന്ന പോലെ ദുർബലരും അനാഥരും ആയവരുടെ ക്ഷേമത്തിലും തൽപരനായിരുന്നു അദ്ദേഹം. ഓരോ മനുഷ്യന്റെയും മോക്ഷത്തിലദ്ദേഹം ശ്രദ്ധാലുവായിരുന്നു. അതേസമയം ദൈവതൃപ്തിയൊഴിച്ചുള്ള എല്ലാറ്റിലും വിമുഖനും. തന്നെ ഭർത്സിച്ചവരെ അദ്ദേഹം ശപിച്ചില്ല; തന്നെ പീഡിപ്പിച്ചവരോടദ്ദേഹം പ്രതികാരം ചെയ്തുമില്ല. മാത്രമല്ല, തന്നോട് പകയും വിദ്വേഷവും പുലർത്തുന്നവർക്ക് ദൈവാനുഗ്രഹത്തിനുവേണ്ടി അദ്ദേഹം പ്രാർഥിച്ചു. പക്ഷേ, ദൈവത്തിന്റെ ശത്രുക്കൾക്കദ്ദേഹം മാപ്പ് കൊടുത്തില്ല. അവർക്ക് കഠിനമായ ശിക്ഷ ലഭിക്കുമെന്നദ്ദേഹം മുന്നറിയിപ്പു നൽകി. രണോത്സുകനായ ഒരു പോരാളിയായി അദ്ദേഹത്തെ നാം കാണാൻ ശ്രമിക്കുമ്പോൾ പ്രാർഥനാ നിരതനായ ഒരു ഭക്തയോഗിയായി അദ്ദേഹം കൺമുമ്പിലവതരിക്കുന്നു. ഉജ്വലനായ ഒരു ജേതാവായി അദ്ദേഹം അരങ്ങേറുന്നത് കാണുമ്പോൾ, അദ്ദേഹത്തിൽ തെളിയുന്ന നിഷ്കളങ്കനായ ദിവ്യസന്ദേശവാഹകന്റെ ചിത്രം നമ്മെ അമ്പരപ്പിക്കുന്നു. അറേബ്യയുടെ ചക്രവർത്തിയെന്ന് നാമദ്ദേഹത്തെ വിശേഷിപ്പിക്കാനൊരുങ്ങുമ്പോൾ ഈത്തപ്പനയോലകൾ നിറച്ച തുകൽ തലയിണയിലാണദ്ദേഹം തലചായ്ക്കുന്നതെന്ന് നാം അറിയുന്നു. അദ്ദേഹത്തിന്റെ പള്ളിമുറ്റത്ത് യുദ്ധമുതലുകൾ കൂമ്പാരമായിക്കിടക്കവേ, സ്വന്തം കുടുംബം വിശപ്പടക്കാൻ വഴിയില്ലാതെ ഞെരുങ്ങുന്നത് നാം കാണുന്നു. യുദ്ധത്തടവുകാരെ മദീനാനിവാസികൾക്ക് ദാസന്മാരായി ഏൽപിച്ചുകൊടുക്കുന്ന അതേ വേളയിൽ സ്വപുത്രി ഫാത്വിമ വെള്ളം വലിച്ച തഴമ്പുകളുടെ വേദനയെക്കുറിച്ച് പരാതിപ്പെടുന്നത് നാം കേൾക്കുന്നു. അറേബ്യയുടെ പകുതിയും അദ്ദേഹത്തിന് വഴങ്ങിയശേഷവും അദ്ദേഹം പരുപരുത്ത പനയോലപ്പായയിൽ കിടന്നുറങ്ങുന്നത് ഉമർ കാണുന്നു. പായയുടെ കണ്ണികൾ ആ ശരീരത്തിൽ പാടുകൾ വീഴ്ത്തി. അദ്ദേഹത്തിന്റെ വീട്ടിലപ്പോഴും ഒരുപിടി ധാന്യവും ഒരു തുകൽപാത്രവുമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ അരിഷ്ടിച്ച ജീവിതം കണ്ട് ഉമർ പൊട്ടിക്കരഞ്ഞ് ചോദിച്ചു: "തിരുദൂതരേ! അല്ലാഹുവിന്റെ പ്രവാചകൻ ഇമ്മട്ടിൽ ഞെരുങ്ങിക്കഴിയുമ്പോൾ കിസ്റമാരും കൈസർമാരും ഭൂമിയിലെ ആഡംബരങ്ങൾ നുകർന്ന് ജീവിക്കുന്നത് ഒരു ഭാഗ്യവിപര്യയമല്ലയോ?" തിരുദൂതർ പ്രതികരിച്ചു: "ഉമർ! കിസ്റമാരും കൈസർമാരും ഈ ലോകം തെരഞ്ഞെടുക്കുമ്പോൾ ഞാൻ പരലോകം തെരഞ്ഞെടുക്കുന്നത് താങ്കൾക്കിഷ്ടമല്ലേ?"

മക്ക പ്രവാചകന്റെ കരവലയത്തിലൊതുങ്ങിയ ദിനം. മക്കാമുഖ്യനും അടുത്തകാലംവരെ ഇസ്‌ലാമിന്റെ ബദ്ധശത്രുവുമായിരുന്ന അബൂസുഫ്‌യാൻ മുസ്‌ലിം വ്യൂഹം കുന്നിൻപടവുകളിറങ്ങിവരുന്നത് നോക്കിനിന്നു. ഗോത്രങ്ങളുടെ വിവിധ നിറങ്ങളിലുള്ള കൊടികൾ പറപ്പിച്ച് അലയായി, നിരയായി കുന്നിറങ്ങിവരുന്നവരെക്കണ്ട് പരിഭ്രമിച്ച അബൂസുഫ്‌യാൻ ചാരത്തുനിന്ന അബ്ബാസിനോട് പറഞ്ഞു: "അബ്ബാസ്, താങ്കളുടെ ഭാഗിനേയനിന്ന് ഒരു മഹാ രാജാവായിത്തീർന്നിരിക്കയാണല്ലോ!" "അല്ല." അബ്ബാസ് പറഞ്ഞു: "രാജാവല്ല, ഒരു ദൈവദൂതൻ!"

ത്വയ്യ് ഗോത്രമുഖ്യൻ, അദിയ്യുബ്നു ഹാതിം പ്രവാചകനെ സന്ദർശിക്കുവാൻ രണ്ടാം തവണയും മദീനയിലെത്തിയ സന്ദർഭം. അപ്പോഴുമദ്ദേഹം ക്രൈസ്തവനായിരുന്നു. ഒരുവശത്ത് അനുചരന്മാർ പ്രവാചകനോട് കാണിക്കുന്ന സ്നേഹാദരങ്ങളും മറുവശത്ത് വിശുദ്ധ സമരത്തിനു വേണ്ടിയുള്ള സന്നാഹങ്ങളും അദ്ദേഹം കണ്ടു. മുഹമ്മദ് ചക്രവർത്തിയോ പ്രവാചകനോ എന്ന് തീരുമാനിക്കാനാവാതെ അദിയ്യ് കുഴങ്ങി. അപ്പോഴാണ് ഒരടിമ പെൺകൊടി പ്രവാചകനോട് സ്വകാര്യമായി ഉപദേശമാരായുവാനുദ്ദേശിച്ച് കടന്നുവന്നത്. പ്രവാചകൻ ആ സ്ത്രീയോട് ഇപ്രകാരം പറയുന്നത് അദിയ്യ് കേട്ടു: "വരൂ! നീ ഉദ്ദേശിക്കുന്ന എവിടെ വേണമെങ്കിലും വരാൻ ഞാൻ തയ്യാറാണ്!" ഒരു രാജാവിന്നും ഇത്ര സൗമ്യതയും വിനയവും കാണിക്കാനാവില്ലെന്ന് അദിയ്യ് കണക്കുകൂട്ടി. കഴുത്തിൽ ഞാന്നുകിടന്ന കുരിശ് പൊട്ടിച്ചെറിഞ്ഞ് അദ്ദേഹം ഇസ്‌ലാമാശ്ലേഷിച്ചു.

ഇക്കാര്യങ്ങളൊന്നും കെട്ടുകഥകളല്ല, യഥാർഥ സംഭവങ്ങളാണ്. ഭാവിയും ഭൂതവും പ്രാചിയും പ്രതീചിയും മാത്രമല്ല, ജീവിതത്തിന്റെ വൈവിധ്യമാർന്ന സാഹചര്യങ്ങളെയഖിലം ഉൾക്കൊള്ളാൻമാത്രം സമഗ്രവും വ്യാപകവുമായ ഒരു വ്യക്തിത്വത്തിന് മാത്രമേ വിവിധ തരക്കാരും വിഭാഗക്കാരുമായ ജനസമൂഹങ്ങൾക്ക് മാർഗദർശനത്തിന്റെ വെളിച്ചം പ്രദാനം ചെയ്യാനാവൂ! കോപത്തിന്റെ പരമകാഷ്ഠയിലും, ദയാവായ്പിന്റെ വികാരതാരള്യത്തിലും മിതവും സന്തുലിതവുമായ പെരുമാറ്റം പ്രദർശിപ്പിക്കുവന്നവനാണ് യഥാർഥ ശിക്ഷകൻ. കഷ്ടകാലത്തിലും ഉദാരനാവാനും നിസ്സഹായാവസ്ഥയിലും ധൈര്യമവലംബിക്കാനും എങ്ങനെ സാധിക്കുമെന്ന് പറഞ്ഞുതരാൻ അയാൾക്കു കഴിയും: ദൈവത്തെ ഭയപ്പെടുന്നതോടൊപ്പം ഇഹലോകത്തിലെ മനുഷ്യനും ആകുന്നതിന്റെ പ്രായോഗിക മാതൃക പ്രദാനം ചെയ്യാനും അയാൾക്കാവും; ഒരേസമയം ഇഹലോകവും പാരത്രികലോകവും സംബന്ധിച്ച് ശുഭവൃത്താന്തമറിയിക്കുവാനും അയാൾക്ക് സാധിക്കും!

വിട്ടുവീഴ്ചയെയും ദയാവായ്പിനെയും പരമോത്കൃഷ്ട ഗുണങ്ങളായി ഗണിക്കുന്നവരുണ്ടാകാം. അവരുടെ അഭിപ്രായത്തിൽ ആത്മീയമോക്ഷത്തിന് അത് രണ്ടും മതി. പക്ഷേ, മനുഷ്യനിൽ മറ്റു യാതൊരു വികാരവും അനുഭൂതിയും മനോഭാവവും ഇല്ലെന്ന് ആർക്കെങ്കിലും പറയാനാവുമോ? കോപം, ഔദാര്യം, സ്നേഹം, വെറുപ്പ്, ആർത്തി, പ്രീതി, പ്രതികാരവാഞ്ഛ, സഹനം തുടങ്ങിയ വികാരങ്ങൾക്ക് മനുഷ്യസ്വഭാവം രൂപീകരിക്കുന്നതിൽ ഒരു പങ്കുമില്ലേ? ഈ സഹജവാസനകൾക്കെല്ലാമിടയിൽ സമതുലിതമായ മിതത്വം പാലിക്കുന്നതെങ്ങനെയെന്ന് പറഞ്ഞുതരാൻ കഴിയുന്ന ഒരാൾക്കേ ശരിയായ മാർഗദർശകനാകാനാവൂ. പ്രവാചക സ്വഭാവത്തിന്റെ ഔന്നത്യം ദയയിലും ഉദാരതയിലും വിട്ടുവീഴ്ചയിലും മാത്രമാണ് കുടികൊള്ളുന്നതെന്ന് വല്ലവർക്കും ഇനിയും ശാഠ്യമുണ്ടെങ്കിൽ, അവർ, അത്തരം ഒരു പ്രവാചകന്റെ അനുയായികൾക്ക് എത്രകാലം തങ്ങളുടെ ഉപദേശിയെ പിന്തുടരാനാവുമെന്ന് പറഞ്ഞുതരേണ്ടതുണ്ട്. കോൺസ്റ്റന്റൈൻ മുതൽ ഇന്നോളം നിരവധി ക്രൈസ്തവ ചക്രവർത്തിമാർ ചെങ്കോലേന്തിയിട്ടുണ്ട്. പക്ഷേ, തങ്ങളുടെ രക്ഷകന്റെ അധ്യാപനങ്ങളെ സ്വരാജ്യത്തിന്റെ നിയമമായി ബലത്തിൽ വരുത്താൻ അവർക്കും കഴിയാതിരുന്നതെന്ത്? അപ്പോൾ സ്വന്തം അനുയായികളുടെതന്നെ അംഗീകാരം ലഭിക്കാത്ത ഒരു

പ്രവാചകന്റെ മാതൃക ഒരു സമഗ്രമാതൃകയെന്ന നിലയിൽ മറ്റുള്ളവർ പിന്തുടരുന്നതെങ്ങനെ?

വ്യതിരിക്തമായ ഓരോ സവിശേഷത സ്വായത്തമാക്കിക്കൊണ്ടാണ് ഓരോ പ്രവാചകനും സമാഗതനായത്. ബഹുദൈവാരാധനക്കെതിരെയുള്ള കഠിനമായ ധാർമികരോഷമായിരുന്നു നോഹയുടെ സവിശേഷതയെങ്കിൽ അബ്രഹാം വിഗ്രഹഭഞ്ജകരുടെ സംഘനേതാവായിരുന്നു. സമരത്തിന്റെയും ഭരണത്തിന്റെയും നിയമനിർമാണത്തിന്റെയും മൂശയായിരുന്നു മോസസ്. യേശുവാകട്ടെ, വിനയത്തിന്റെയും ഉദാരതയുടെയും വിട്ടുവീഴ്ചയുടെയും മൂർത്തി. സോളമൻ രാജകീയ പ്രൗഢിയുടെ പ്രതീകം. യൂനുസ് അനുതാപത്തിന്റെയും തീവ്രമായ പശ്ചാത്താപത്തിന്റെയും പ്രായോഗിക മാതൃക; കാരാഗൃഹത്തിന്റെ ഇരുളിലും സത്യത്തിന്റെ സുവിശേഷമോതുന്ന യൂസുഫ്; ദൈവത്തെ പ്രകീർത്തിക്കുന്ന സങ്കീർത്തനങ്ങളുടെയും പരിദേവനഗാഥകളുടെയും ഉടമയായ ഡേവിഡ്; ദൈവേച്ഛക്ക്, പൂർണമായും വഴിപ്പെടുന്നവർക്കുള്ള മുഖക്കണ്ണാടിയായിത്തീർന്ന യാക്കൂബ്. ഈ സ്വഭാവസവിശേഷതകളെല്ലാം ഒരു മൂശയിലുരുക്കിയൊഴിച്ച് മുഴുവൻ മനുഷ്യരാശിക്കുമായി രൂപപ്പെടുത്തിയതാണ് മുഹമ്മദിന്റെ ജീവിതവും ചര്യയും! ഖത്തീബ് ബഗ്ദാദി ഉദ്ധരിച്ച അത്രയൊന്നും ആധികാരികമല്ലാത്ത, ഒരു ഹദീസിൽ മുഹമ്മദിന്റെ ജനനവേളയിൽ ഒരു അമർത്ത്യനാദം മാലാഖമാരോട് ഇപ്രകാരം പറയുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു: "നാട്ടിന്റെ നാനാഭാഗങ്ങളിലേക്കും ആഴിയുടെ അഗാധതകളിലേക്കും മുഹമ്മദിനെ കൊണ്ടുപോവുക– ലോകാലോകങ്ങളിൽ മനുഷ്യരും ജിന്നുകളും, മൃഗങ്ങളും പറവകളും, സചേതനവസ്തുക്കളൊക്കെയും മുഹമ്മദിന്റെ പേരും പെരുമയുമറിയട്ടെ. ആദമിന്റെ സാത്വികതയും ശീത്തിന്റെ[1] തത്വജ്ഞാനവും നൂഹിന്റെ സ്ഥൈര്യവും ഇബ്റാഹീമിന്റെ വിശ്വസ്തതയും ഇസ്മാഈലിന്റെ വാചാലതയും ഇസ്ഹാഖിന്റെ അർപ്പണബോധവും സ്വാലിഹിന്റെ വാഗ്വൈഭവവും ലൂത്വിന്റെ വിജ്ഞാനവും മൂസയുടെ പ്രയത്നശീലവും അയ്യൂബിന്റെ സഹനശക്തിയും യൂനുസിന്റെ അനുസരണബോധവും യൂശഇന്റെ സമരോത്സുകതയും ദാവൂദിന്റെ സ്വരമാധുര്യവും ദാനിയലിന്റെ സ്നേഹവും ഇല്യാസിന്റെ ആദരവും യഹ്യായുടെ വിശുദ്ധിയും ഈസായുടെ സംയമനവും അദ്ദേഹത്തിന് പ്രദാനം ചെയ്യുക; അവരുടെ ഗുണമേന്മകളുടെ തണ്ണീരിൽ അദ്ദേഹത്തെ സ്നാനം ചെയ്യിക്കുക." ഈ ഹദീസ് ഉദ്ധരിച്ചവർ മുഹമ്മദ് നബിയുടെ സ്വഭാവം ചിത്രീകരിക്കുക എന്ന് മാത്രമേ ഉദ്ദേശിച്ചിരിക്കൂ. ഓരോ പ്രവാചകന്നും പ്രത്യേകം പ്രത്യേകം നൽകപ്പെടുകയും അന്ത്യപ്രവാചകനും അവരിലേറ്റം ആകർഷണീയനുമായ മുഹമ്മദിൽ ഒന്നായി സമ്മേളിക്കുകയും ചെയ്ത ഉത്കൃഷ്ടഗുണങ്ങളെ ചിത്രീകരിക്കുന്നതാണീ വചനം.

പ്രവാചകജീവിതത്തിന്റെ വിഭിന്ന മുഖങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവശീലങ്ങളുടെ സമഗ്രത വ്യക്തമായി സൂചിപ്പിക്കുന്നു. മക്കവിട്ട് മദീനയ്ക്കുപോകുന്ന പ്രവാചകൻ ഈജിപ്തിൽനിന്ന് മദ്യനിലേക്ക് പലായനം ചെയ്ത മൂസ(അ)യെ ഓർമിപ്പിക്കുന്നു. ഹിറാ ഗുഹയിലെ ധ്യാനാത്മക ജീവിതത്തിന് സീനാമലയിലെ ഭിക്ഷുവിനോട് സാദൃശ്യമുണ്ട്. രണ്ടും തമ്മിൽ അന്തരം വല്ലതുമുണ്ടെങ്കിൽ അത് മൂസായുടെ ജാഗ്രത്തായ ദൃഷ്ടികളും മുഹമ്മദിന്റെ ചിന്താമഗ്നമായ മനസ്സും തമ്മിലാണ്. ഒരാൾ തന്റെ ദൃഷ്ടി ബാഹ്യമായതിലൂന്നിയെങ്കിൽ അപരൻ തന്റെ മനസ്സ് പരമസത്യത്തിന്റെ ആന്തരസത്തയിൽ കേന്ദ്രീകരിച്ചു. സ്വഫാ കുന്നിലെ പ്രഭാഷകനും ഒലീവ് മലയിലെ ഉപദേശകനും തമ്മിലുള്ള സാദൃശ്യമോർത്തുനോക്കൂ. ബദ്റിലെയും ഹുനൈനിലെയും അഹ്സാബിലെയും തബൂക്കിലെയും വിശ്വാസികളുടെ നായകനെയും ഇസ്റാഈൽ സന്തതികളുടെ വിമോചകനെയും താരതമ്യം ചെയ്തുനോക്കൂ. ഏഴ് മക്കാമുഖ്യന്മാരുടെ നാശം പ്രവചിച്ച പ്രവാചകനും ദിവ്യാദ്ഭുതങ്ങൾ ദർശിച്ച ശേഷവും പ്രവാചകത്വത്തെ തള്ളിപ്പറഞ്ഞ ഫറവോനെയും സിൽബന്ധികളെയും ശപിക്കുന്ന മൂസായെയും തുലനം ചെയ്തുനോക്കൂ. എന്നാൽ, ഉഹുദിലെ ശത്രുക്കളായിരുന്നവർക്ക് ദൈവാനുഗ്രഹം വർഷിക്കുവാൻ കൈകളുയർത്തിയിരക്കുന്ന പ്രവാചകൻ സ്വന്തം വൈരികൾക്ക് ഐശ്വര്യം നേരുന്ന യേശുവിനോടാണ് താദാത്മ്യം പുലർത്തുന്നത്. മദീനയിലെ പള്ളിയിൽ ന്യായാധിപന്റെ വേഷമണിയുമ്പോഴോ വിഗ്രഹാരാധകരോട് പോരാടുമ്പോഴോ അദ്ദേഹത്തിന് മൂസായോട് സാദൃശ്യം തോന്നുന്നു. എന്നാൽ, രാവിന്റെ നീണ്ടയാമങ്ങൾ ഉറക്കമിളച്ചു പ്രാർഥിക്കുന്ന മുഹമ്മദ് ഈസായെയാണ് അനുസ്മരിപ്പിക്കുക. അദ്ദേഹത്തിന്റെ ഖുർആൻ പാരായണവും പ്രകീർത്തനങ്ങളും സങ്കീർത്തനങ്ങൾ പാരായണം ചെയ്യുന്ന ദാവൂദിനെ ഓർമിപ്പിക്കുന്നു. വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിക്കുന്ന പ്രവാചകനിൽ സുലൈമാൻ നബിയെക്കാണാം. ശിഅ്ബുഅബീത്വാലിബിലെ തടങ്കലിൽ കഴിയുന്ന പ്രവാചകനിൽ ഈജിപ്തിലെ കാരാഗൃഹത്തിൽ ഏകാന്തവാസം നയിച്ച യൂസുഫിനെ ദർശിക്കാം.

മൂസാ(അ) ഇസ്റാഈല്യർക്കു മാത്രം ബാധകമായ നിയമംകൊണ്ടുവന്നു. ദാവൂദ്(അ) ദൈവത്തിന്റെ സ്തുതികളോതുകയും സങ്കീർത്തനങ്ങളാലപിക്കുകയും ചെയ്തു. ഈസാ(അ) ദൈവഭക്തിയും കർശനമായ സദാചാരനിഷ്ഠയും ആഹ്വാനം ചെയ്തു. എന്നാൽ മുഹമ്മദ് ഇതെല്ലാം തന്നിൽ ഒരുമിച്ചുചേർത്തു– നിയമദാതാവ്, ഭക്തനായ ആരാധകൻ, ധാർമികനിഷ്ഠയുടെ വിശിഷ്ടമാതൃക എന്നീ നിലയിലെല്ലാം അദ്ദേഹം പരിലസിച്ചു. അവയെല്ലാം അക്ഷരങ്ങളും വാക്കുകളുമായി ഖുർആനിൽ രേഖപ്പെട്ടുകിടക്കുന്നു. കർമരംഗത്ത് മുഹമ്മദിന്റെ ജീവിതം അവക്കുള്ള പ്രായോഗികമാതൃക കാഴ്ചവെക്കുന്നു.

മുഹമ്മദിന്റെ സർവസ്പർശിയായ ജീവിതമാതൃകക്ക് മറ്റൊരു മുഖമുണ്ട്. ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വഭാവംപോലെ. പലതരം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടല്ലോ. സാങ്കേതികവും തൊഴിൽപരവുമായ പരിശീലനം നൽകുന്ന 'സ്പെഷ്യലൈസ്ഡ്' കലാലയങ്ങൾ; എല്ലാതരം വിജ്ഞാനശാഖകളും ഉൾക്കൊള്ളുന്ന സർവകലാശാലകൾ. ഒന്നാമത്തെ വിഭാഗം, ഡോക്ടർമാർ, എഞ്ചിനീയർമാർ, വ്യവസായ മാനേജർമാർ, കാർഷിക വിദഗ്ധർ തുടങ്ങി ഒരു പ്രത്യേക ശാഖയിൽമാത്രം സ്പെഷ്യലിസ്റ്റുകളെ വാർത്തുവിടുന്നു. ഏതെങ്കിലും ഒരു വിജ്ഞാനശാഖയിലോ തൊഴിലിലോ ഉള്ള വൈദഗ്ധ്യം സമൂഹത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിർവഹിക്കുവാൻ മതിയാവുകയില്ലല്ലോ. നാമെല്ലാം ഒരു പ്രത്യേക ശാസ്ത്രശാഖയിൽമാത്രം കഴിവുനേടുകയാണെങ്കിൽ ലോകം ഒരു നിശ്ചലാവസ്ഥ പ്രാപിക്കുകയും പിന്നെ തകരുകയും ചെയ്യും. അപ്രകാരം തന്നെ സർവമനുഷ്യരും ദൈവാരാധനയിൽ മാത്രം മുഴുകുന്ന സന്യാസിമാരും യോഗികളുമായിത്തീരുന്നപക്ഷം മനുഷ്യകുലം പൂർണത പ്രാപി

ക്കുന്നതിന് പകരം അതിന് സാമൂഹിക സ്വഭാവം നഷ്ടപ്പെടുകയാവും ഫലം. ഈ മാനദണ്ഡംവെച്ച് പ്രവാചകജീവിതത്തെ വിലയിരുത്തിനോക്കൂ:

“അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും” (മത്തായി: 7:16) എന്നത് ഒരു വിഖ്യാത ബൈബിൾ വാക്യമാണ്. അതുപോലെ അക്കാദമികളും അവയുടെ നിലവാരവും സംബന്ധിച്ച് നമുക്ക് അറിവുലഭിക്കുന്നത് അവയുടെ പൂർവവിദ്യാർഥികളിൽനിന്നാണ്. ദൈവത്തിന്റെ പ്രവാചകർ വന്ദ്യഗുരുക്കളായിരുന്ന ‘അക്കാദമി’കൾനോക്കൂ: പലതിലും പത്തോ ഇരുപതോ ശിഷ്യന്മാർ മാത്രം. ചിലപ്പോൾ അത് എഴുപതോ നൂറോ ആയിരമോ ആയി ഉയരാം. നന്നക്കവിഞ്ഞാൽ ഇരുപതിനായിരം! പക്ഷേ, അന്ത്യപ്രവാചകൻ ഗുരുവായിരുന്ന അക്കാദമിയിലോ? ആ ഗുരുവിനു ചുറ്റും ലക്ഷത്തിലേറെ ശിഷ്യർ! ഇനി, മുൻകാല പ്രവാചകരുടെ ശിഷ്യഗണങ്ങളെപ്പറ്റി ചിന്തിച്ചുനോക്കൂ: അവരെവിടെ ജീവിച്ചു; എന്തുചെയ്തു? എന്തുനേടി? അവരുടെ കാലത്തെ മനുഷ്യസമൂഹത്തിൽ അവരെന്തുപരിവർത്തനം സാധിച്ചു? ഈ ചോദ്യങ്ങൾക്ക് വിശേഷിച്ച് മറുപടിയൊന്നും ലഭിക്കാതിരിക്കാനാണ് ഏറെ സാധ്യത. എന്നാൽ അന്ത്യപ്രവാചകന്റെ ശിഷ്യഗണങ്ങളുടെ അവസ്ഥ മറിച്ചാണ്. അവരുടെ പേരും മേൽവിലാസവും സ്വഭാവസവിശേഷതകളും നേട്ടങ്ങളും ചരിത്രം രേഖപ്പെടുത്തിവെച്ചിരിക്കുന്നു.

സാർവലൗകികസ്വഭാവം അവകാശപ്പെടുന്നവയാണ് മിക്ക ലോകമതങ്ങളും. പക്ഷേ, അവയുടെ സ്ഥാപകർ മറ്റു രാജ്യങ്ങളിലും ജനതകളിലും പെട്ട ശിഷ്യഗണങ്ങളെ സ്വീകരിക്കുകയോ വർഗ–വർണ–ഭാഷാ ഭേദമന്യേ അന്യദേശക്കാരെ തങ്ങളുടെ മതത്തിലേക്ക് ക്ഷണിക്കുകയോ അവരിൽ കുറച്ചുപേരെങ്കിലും അവരുടെ ക്ഷണം സ്വീകരിക്കുകയോ ചെയ്തത് തെളിയിക്കപ്പെടാതെ ഈ അവകാശവാദം അംഗീകരിക്കാൻ വയ്യ. പഴയനിയമം പരാമർശിച്ച ഒറ്റ പ്രവാചകനും ഇറാഖിന്റെയോ സിറിയയുടെയോ ഈജിപ്തിന്റെയോ അതിർത്തികടന്നിട്ടില്ല. മറ്റുവിധം പറഞ്ഞാൽ, ഇസ്റാഈലീ പ്രവാചകന്മാരുടെ പ്രബോധനം അവർ ജീവിച്ച നാടുകളിലൊതുങ്ങി. അവരുടെ പ്രവർത്തനം ഇസ്റാഈൽ സന്തതികളുടെ മാത്രം മാർഗദർശനം ലക്ഷ്യംവെച്ചുള്ളതായിരുന്നുവെന്നർഥം. അറേബ്യയിൽ പൂർവപ്രവാചകന്മാരുടെ അവസ്ഥയും മറ്റൊന്നല്ല. യേശു അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു; “യിസ്രായിൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല” (മത്തായി: 15:24). ഇസ്റാഈലികളല്ലാത്തവരോട് സുവിശേഷം പ്രസംഗിക്കുന്നത് ‘‘മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കിട്ടു കൊടുക്കുന്നതായി” (മത്തായി: 15:26) പോലും പരിഗണിച്ചില്ല അദ്ദേഹം. മഹാന്മാരായ ഹൈന്ദവ ഋഷിമാരിലാരുംതന്നെ തങ്ങളുടെ അധ്യാപനങ്ങൾ ആര്യാവർത്തത്തിനപ്പുറം പോകണമെന്ന് ഒരിക്കലും ചിന്തിച്ചിരിക്കില്ല. ശരിയാണ്, ചില ബൗദ്ധചക്രവർത്തിമാർ അന്യദേശങ്ങളിലേക്ക് മിഷനറിമാരെ അയച്ചിരുന്നു. പക്ഷേ, ബുദ്ധൻ അതു ചെയ്തു കാണുന്നില്ല.

**പ്രവാചകജീവിതത്തിന്റെ വിഭിന്ന മുഖങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവശീലങ്ങളുടെ സമഗ്രത വ്യക്തമായി സൂചിപ്പിക്കുന്നു. മക്കവിട്ട് മദീനയ്ക്കുപോകുന്ന പ്രവാചകൻ ഈജിപ്തിൽനിന്ന് മദ്‌യനിലേക്ക് പലായനം ചെയ്ത മൂസ(അ)യെ ഓർമിപ്പിക്കുന്നു. ഹിറാ ഗുഹയിലെ ധ്യാനാത്മക ജീവിതത്തിന് സീനാമലയിലെ ഭിക്ഷുവിനോട് സാദൃശ്യമുണ്ട്. രണ്ടും തമ്മിൽ അന്തരം വല്ലതുമുണ്ടെങ്കിൽ അത് മൂസായുടെ ജാഗ്രത്തായ ദൃഷ്ടികളും മുഹമ്മദിന്റെ ചിന്താമഗ്നമായ മനസ്സും തമ്മിലാണ്.**

ഇനി, അറേബ്യയിലെ നിരക്ഷരനായ ഈ ഗുരുവിന്റെ ശിഷ്യഗണങ്ങളാരൊക്കെയെന്ന് നോക്കൂ: മക്കയിലെ ഖുറൈശികളായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ത്വൽഹ, സുബൈർ, മക്കക്കടുത്ത തിഹാമയിലെ ഗിഫാരി ഗോത്രജരായ അബൂദർറ്, അനസ്; യമനിൽനിന്ന് വരുന്നവരും ഔസ്ഗോത്രക്കാരുമായ അബൂഹുറയ്റയും അബൂതുഫൈലിബ്നു അംറും. യമനിലെത്തന്നെ മറ്റൊരു ഗോത്രത്തിൽനിന്ന് അബൂമൂസ അൽ–അശ്അരിയും മുആദുബ്നു ജബലും. അസദ്ഗോത്രക്കാരനായ ദമ്മാദുബ്നു സഅ്ലബ; ബനൂതമീമിന്റെ പ്രതിനിധിയായി ഖബ്ബാബുബ്നുൽ അറത്ത്; ബഹ്റൈൻ ഗോത്രമായ അബ്ദുൽഖൈസിന്റെ സന്തതികളായി മുൻദിറുബ്നു ഹബ്ബാനും മുൻദിറുബ്നു ആഇദും; ഒമാൻ മുഖ്യരായിരുന്ന ഉബൈദും ജഅ്ഫറും. സിറിയക്കടുത്ത മആനിൽനിന്ന് ഫർവത്തുബ്നു അംറ്. പിന്നെയൊരു നീഗ്രോ! അബിസീനിയക്കാരനായ ബിലാൽ. കൂടാതെ റോമക്കാരനായ സുഹൈബ്; പേർഷ്യയിൽനിന്ന് സൽമാൻ; ദൈലാമയിൽനിന്ന് ഫിറൂസ്; ഇറാൻകാരായ സുൻജീദും മർക്കബൂദും.

ഹിജ്റ ആറാംവർഷം നിലവിൽ വന്ന ഹുദൈബിയാസന്ധി ഇസ്ലാം ദീർഘകാലമായി ആഗ്രഹിച്ചുപോന്ന സമാധാനാന്തരീക്ഷത്തിന് വഴിയൊരുക്കി. മുസ്ലിംകളും ഖുറൈശികളും പരസ്പരം ആക്രമിക്കുകയില്ലെന്ന് സമ്മതിക്കുകയും സ്വന്തം വിശ്വാസം പ്രചരിപ്പിക്കുവാനുള്ള മുസ്ലിംകളുടെ അവകാശം ഖുറൈശികൾ അംഗീകരിക്കുകയും ചെയ്തു. സമാധാനാന്തരീക്ഷം നിലവിൽവന്നശേഷം പ്രവാചകൻ പ്രയത്നിച്ചത് എന്തിന്നുവേണ്ടിയായിരുന്നുവെന്നോ? അയൽരാഷ്ട്രങ്ങളിലെ രാജാക്കന്മാരെയും ചക്രവർത്തിമാരെയും ഭരണാധിപന്മാരെയും തന്റെ ഏകദൈവ സിദ്ധാന്തത്തിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങളയക്കാൻ! റോം, പേർഷ്യ, അലക്സാൻഡ്രിയ, അബിസീനിയ, സിറിയ, യമാമ തുടങ്ങിയ രാഷ്ട്രങ്ങളിലേക്ക് അദ്ദേഹം സന്ദേശവാഹകരെ അയച്ചു. മതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങളയച്ച ഈ സംഭവം മതങ്ങളുടെ ചരിത്രത്തിൽ അഭൂതപൂർവമായ ഒന്നത്രെ. മനുഷ്യസമൂഹത്തെ ദൈവിക മതത്തിലേക്ക് ക്ഷണിക്കുന്നതിൽ ഭൂമിശാസ്ത്രപരമായ അതിരുകളൊന്നും തടസ്സമല്ലെന്നതിന് അനിഷേധ്യമായ തെളിവായതിനെ കാണാം. പ്രഥമദിനം തൊട്ടുതന്നെ അത് മുഴുലോകത്തിനും വേണ്ടിയുള്ളതായിരുന്നു. ഗോത്രമോ രാഷ്ട്രമോ കുടുംബമോ ഭാഷയോ എന്തുമാവട്ടെ അത് മനുഷ്യന്നുള്ളതായിരുന്നു!

**വിവ: കമാൽ**